# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512

## വാർത്താക്കുറിപ്പ്

**2023 ജൂലൈ 29**

---

## ബി.എഡ് പ്രവേശനം; പ്രത്യേക അലോട്ട്മെൻറ് രജിസ്ട്രേഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ബി.എഡ് ഏകജാലക പ്രവേശനത്തിൽ പട്ടിക ജാതി, പട്ടികവർഗ വിഭാഗക്കാർക്കായി സംവരണം ചെയ്ത സീറ്റുകളിലെ ഒഴിവുകളിലേക്കുള്ള ഒന്നാം പ്രത്യേക അലോട് മെൻറിന് ഓഗസ്റ്റ് ഒന്നിന് വൈകുന്നേരം നാലു വരെ ഓൺലൈൻ രജിസ്ട്രേഷൻ/ഓപ് ഷൻ രജിസ്ട്രേഷൻ നടത്താം

(പി.ആർ.ഒ/39/899/2023)

## പി.ജി പ്രവേശനം; ഭിന്നശേഷി, കമ്യൂണിറ്റി മെരിറ്റ് ക്വാട്ടകളിലേക്ക് അപേക്ഷിക്കാം

എം.ജി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ബിരുദാനന്തര ബിരുദ പ്രവേശനത്തിൽ ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത സീറ്റുകളിലേക്കും എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി മെറിറ്റ് സീറ്റുകളിലെ ഒഴിവുകളിലേക്കും ഓഗസ്റ്റ് ഒന്നിന് വൈകുന്നേരം നാലു വരെ അപേക്ഷിക്കാം.

അപേക്ഷകർ നിലവിലെ അപേക്ഷാ നമ്പരും പാസ് വേർഡും ഉപയോഗിച്ച് വെബ്സൈറ്റിൽ ലോഗിൻ ചെയ്താണ് ഓപ്ഷൻ നൽകേണ്ടത്.

(പി.ആർ.ഒ/39/900/2023)

## പി.ജി. സപ്ലിമെൻററി അലോട്ട്മെൻറ് രജിസ്ട്രേഷൻ

എം.ജി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പ്രവേശനത്തിന് സപ്ലിമെൻററി അലോട്ട്മെൻറിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. ഓഗസ്റ്റ് ഒന്നിന് വൈകുന്നേരം നാലു വരെ രജിസ്റ്റർ ചെയ്യാം.

(പി.ആർ.ഒ/39/901/2023)

## സർക്കാർ സ്കോളർഷിപ്പോടെ എം.ജി.സർവകലാശാലയിൽ നൈപുണ്യ വികസന കോഴ്സുകൾ പഠിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയുടെ കീഴിലുള്ള ഡയറക്ടറേറ്റ് ഫോർ

അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാം നടത്തുന്ന ആറുമാസത്തെ നൈപുണ്യ വികസന കോഴ്സുകൾ സംസ്ഥാന സർക്കാരിൻറെ സ്കോളർഷിപ്പോടെ പഠിക്കാൻ അവസരം.

സർട്ടിഫിക്കറ്റ് ഇൻ ഇൻറർനെറ്റ് പ്രോഗ്രാമിംഗ് ആൻറ് വെബ് ടെക്നോളജീസ്, സർട്ടിഫിക്കറ്റ് ഇൻ ബിസിനസ്സ് ഡാറ്റ് അനാലിസിസ് യൂസിംഗ് ടാലി ആൻറ് എം.എസ് എക്സെൽ കോഴ്സുകളിലേക്ക് പ്ലസ് ടുവോ ബിരുദമോ കഴിഞ്ഞവർക്ക് അപേക്ഷിക്കാം.

ബിരുദ യോഗ്യതയുള്ളവർക്ക് പോസ്റ്റ് ഗ്രാജുവേറ്റ് സർട്ടിഫിക്കറ്റ് ഇൻ ഇൻസ്ട്രുമെൻറൽ മെതേഡ് ഓഫ് കെമിക്കൽ അനാലിസിസ്, പോസ്റ്റ് ഗ്രാജുവേറ്റ് സർട്ടിഫിക്കറ്റ് ഇൻ ഫുഡ് അനാലിസിസ് ആൻറ് ക്വാളിറ്റി കൺട്രോൾ എന്നീ കോഴ്സുകളുമുണ്ട്.

പട്ടികജാതി, പട്ടിക വർഗ വിദ്യാർഥികൾ, മത്സ്യത്തൊഴിലാളി കുടുംബങ്ങങ്ങളിൽനിന്നുള്ളവർ,ട്രാൻസ് ജെൻഡലർ വിദ്യാർഥികൾ, ബി.പി.എൽ. കുടുംബങ്ങളിൽനിന്നും ഏക രക്ഷിതാവു മാത്രമുള്ള കുടുംബങ്ങളിൽനിന്നുമുള്ള വനിതകൾ, ഭിന്നശേഷി വിഭാഗത്തിൽ പെട്ടവർ എന്നിവർക്കാണ് സ്കോളർഷിപ്പ് ലഭിക്കുക. കോഴ്സ് ഫീസിൻറെ 70 ശതമാനം അല്ലെങ്കിൽ 20000 രൂപയാണ് സ്കോളർഷിപ്പായി ലഭിക്കുക.

താല്പര്യമുള്ളവർക്ക് റമെു.ാഴൗ.മര.ശി എന്ന വെബസൈറ്റ് വഴി അപേക്ഷ സമർപ്പിക്കാം. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ. ഫോൺ: 8078786798.

(പി.ആർ.ഒ/39/902/2023)

## <u>സ്പോട്ട് അഡ്മിഷൻ</u>

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻറർനാഷണൽ ആൻറ് ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ നാനോ സയൻസ് ആൻറ് നാനോ ടെക്നോളജിയിൽ(ഐ.ഐ.യു.സി.എൻ.എൻ) എം.ടെക് പോളിമർ സയൻസ് ആൻറ് എൻജിനീയറിംഗ് പ്രോഗ്രാമിൽ എസ്.സി, എസ്.ടി വിഭാഗങ്ങളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്.

യോഗ്യരായ വിദ്യാർഥികൾ അസ്സൽ രേഖകളുമായി ഓഗസ്റ്റ് ഒന്നിന് രാവിലെ 10.30ന് കൺവർജൻസ് അക്കാദമിയ കോംപ്ലക്സിലെ ഐ.ഐ.യു.സി.എൻ.എൻ ഓഫീസിൽ(റൂം നമ്പർ 302) നേരിട്ട് എത്തണം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ (www.mgu.ac.in). ഫോൺ: 9497812510, 9400552374

...............................

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് പോളിമർ സയൻസ് ആൻറ് ടെക്നോളജിയിൽ എം.ടെക് ഇൻഡസ്ട്രിയൽ പോളിമർ സയൻസ് ആൻറ് ടെക്നോളജിയിൽ പ്രോഗ്രാമിൽ എസ്.സി, എസ്.ടി വിഭാഗങ്ങളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്.

യോഗ്യരായ വിദ്യാർഥികൾ അസ്സൽ രേഖകളുമായി ഓഗസ്റ്റ് ഒന്നിന് രാവിലെ 10.30ന് കൺവർജൻസ് അക്കാദമിയ കോംപ്ലക്സിലെ വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302) എത്തണം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ (www.mgu.ac.in). ഫോൺ: 9497812510, 9400552374

(പി.ആർ.ഒ/39/903/2023)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ എം.എസ്.സി അപ്ലൈഡ് കെമിസ്ട്രി - ജൂൺ 2023(സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് ഒന്നു മുതൽ കാലടി, ശ്രീ ശങ്കര കോളജിൽ നടക്കും.

.........................

അഞ്ചാം സെമസ്റ്റർ എം.സി.എ സപ്ലിമെൻററി, മെഴ്സി ചാൻസ്, ലാറ്ററൽ എൻട്രി (അഫിലിയേറ്റഡ് കോളജ്, സീപാസ്) വിവിധ അഡ്മിഷനുകളുടെ ജൂൺ 2023 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് ഏഴിന് ആലുവ, യൂണിയൻ ക്രിസ്റ്റ്യൻ കോളജിൽ നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/904/2023)

## പ്രോജക്ട്, വൈവ

നാലാം സെമസ്റ്റർ എം.എ മ്യൂസിക് വോക്കൽ, മദ്ദളം, കഥകളി സംഗീതം, കഥകളി വേഷം - ജൂൺ 2023(സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ, പ്രോജക്ട്, കോംപ്രിഹെൻസീവ് വൈവ വോസി പരീക്ഷകൾ നാളെ(ജൂലൈ 31)

മുതൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആൻറ് ഫൈൻ ആർട്സിൽ നടക്കും.

(പി.ആർ.ഒ/39/905/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**